

## ഒക്ടോബർ 2, ലോക അഹിംസാദിനം

പ്രിയരെ,

ഐക്യരാഷ്ട്ര സംഘടന ഈ വർഷം മുതൽ ഒക്ടോബർ 2 ഗാന്ധിജയന്തി ലോക അഹിംസാ ദിനമായി ആചരിക്കുന്ന വിവരം അറിഞ്ഞിരിക്കുമല്ലോ.

ലോകമെമ്പാടുമുള്ള സമാധാന പ്രവർത്തകർക്കും പരിസ്ഥിതി പ്രവർത്തകർക്കും സസ്യാഹാരികൾക്കും ജീവനെ മാനിക്കുന്നവർക്കും ഇതൊരു പ്രചോദനമാണ്.

ഇന്ത്യൻ ഭരണകൂടം അതിന്റെ ഹിംസകൾ ഒരുവശത്തും ഗാന്ധിജയന്തി ചടങ്ങായി മറുവശത്തും ആഘോഷിക്കും. ഗാന്ധിദർശനത്തിലെ സർവ്വഭൂതദയ -സകലജീവികളോടുള്ള ആദരം - വിസ്മരിക്കാനിടയുണ്ട്. കൊല്ലരുത്, കൊന്നുതിന്നരുത് എന്ന ആശയം പ്രചരിപ്പിക്കപ്പെടണം. ഭക്ഷണത്തിനായുള്ള ഹിംസയിൽ നിന്ന് മനുഷ്യരെ വിടുവിക്കണം. അതിനായുള്ള കർമ്മ പരിപാടികൾ നാം ആലോചിക്കണം.

ഇക്കാര്യങ്ങൾ മറ്റാരെങ്കിലും ചെയ്യുമെന്ന് പ്രതീക്ഷിക്കാനാവില്ല. അതിനാൽ വെളിച്ചം കിട്ടിയ താങ്കളും, സമാനമനസ്ക്കരും ആലസ്യം വെടിഞ്ഞ് മുൻകൈ എടുക്കേണ്ട മുഹൂർത്തമാണിപ്പോൾ.

അഹിംസാദിന പരിപാടിയെ സർഗ്ഗാത്മകമാക്കാൻ താങ്കളുടെ അഭിപ്രായവും ഭാവനയും പങ്കുവെക്കണം. കത്തുകിട്ടിയാൽ ബന്ധപ്പെടുമല്ലോ....

ആദരവോടെ, സസ്യാഹാരികൾ, (അഹിംസാദിനാചരണ സ്വാഗതസംഘം)

**ജയപ്രകാശ് അവണൂർ** (9495013720), **ഡേവീസ് വളർക്കാവ്** (9895148998)

## പരിസ്ഥിതി-വീഡിയോ ചിത്രങ്ങൾ




സെക്രട്ടറിയേറ്റ് ജീവനക്കാരുടെ പ്രകൃതി സംഘടന 'ഗ്രീൻസ്' അവതരിപ്പിക്കുന്ന നീലക്കുറിഞ്ഞി, പാമ്പാട്ടം. ദൃശ്യാവിഷ്കാരം : പി.ആർ. ശ്രീകുമാർ. ബന്ധങ്ങൾക്ക് : 'കുറിഞ്ഞി', ശാസ്ത്രി നഗർ, കരമന, തിരുവനന്തപുരം-2. ഫോൺ : 9447221429

## മലയാളം സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ

മനസ്സിലാക്കാനും, പകർത്താനും, നവീകരിയ്ക്കാനും പങ്കുവെയ്ക്കാനും വിവരസാങ്കേതിക വിദ്യയുടെ മാനുഷിക മുഖമായ സ്വതന്ത്ര സോഫ്ട്‌വെയറുകൾ നൽകുന്ന സ്വാതന്ത്ര്യത്തെ ജനമാധ്യമത്തിലേക്കെത്തിക്കുവാനായി സെപ്റ്റംബർ 15 സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യ ദിനമായി ലോകമെങ്ങും ആഘോഷിച്ചു. പരമ്പരകളായി നാം ആർജ്ജിച്ച കഴിവുകൾ ചങ്ങലകളും, മതിലുകളുമില്ലാതെ ഡിജിറ്റൽ യുഗത്തിൽ എല്ലാവർക്കും ലഭ്യമാകുക എന്നതാണ് സോഫ്റ്റ്‌വെയർ സ്വാതന്ത്ര്യദിനത്തിന്റെ ലക്ഷ്യം. കേരളത്തിൽ സ്വതന്ത്ര മലയാള ഭാഷാ കമ്പ്യൂട്ടിങ്ങ് എന്ന പ്രമേയത്തെ ആസ്പദമാക്കിയാണ് സോഫ്ട് വെയർ സ്വാതന്ത്ര്യദിനം കൊണ്ടാടിയത്. സെപ്റ്റംബർ 14-15 തീയതികളിൽ തൃശൂർ ചേംബർ ഓഫ് കൊമേഴ്സ് ഹാളിൽ വിവിധ സ്വതന്ത്ര സോഫ്റ്റ്‌വെയർ യൂസേഴ്സ് ഗ്രൂപ്പുകൾ സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങുമായി ചേർന്ന് മലയാള ഭാഷയെ തനിമയും സൗന്ദര്യവും ചോരാതെ ഡിജിറ്റൽ ഭാവിയിലേക്ക് നയിക്കുന്നതിനുള്ള സോഫ്ട്‌വെയറുകൾ പുറത്തിറക്കി. സ്വതന്ത്ര സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കി മലയാള ഭാഷയുടെ ഡിജിറ്റൽ ഭാവിക്ക് വേണ്ടിയുള്ള സാങ്കേതിക വിദ്യകൾ രൂപകല്പന ചെയ്യുകയും വികസിപ്പിച്ചെടുക്കുകയും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയാണ് സ്വതന്ത്ര മലയാളം കമ്പ്യൂട്ടിങ്ങ്. സാങ്കേതിക വിദ്യയുടെ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തോടെ ഇവർ ഇത്തവണത്തെ പുതിയ 7 സോഫ്ട്‌വെയറുകളാണ് പുറത്തിറക്കിയിരിക്കുന്നത്.

**സ്വനലേഖ** : ശബ്ദാത്മക നിവേശക രീതി, **ലളിത** : ബോൽനാഗരി അടിസ്ഥാനമാക്കിയുള്ള കീബോർഡ് വിന്യാസം, **സ്പെല്ലിങ് ചെക്കർ** : ഗ്നു ആസ്പെൽ മലയാളം സ്പെല്ലിങ് ചെക്കർ, **മീര** : തനതു മലയാളം ലിപിയിലുള്ള യൂണികോഡ് ഫോണ്ട്, **ധ്വനി** : മലയാളം വാക്യ-ഭാഷണ പരിവർത്തിനി, **ശാരിക** : സ്വരസംവേദിനി, **ടക്സ് ടൈപ്പ്** : ടൈപ്പിങ് പഠനം.

കൂടുതൽ വിവരങ്ങൾക്ക് : അനിവർ അരവിന്ദ്, anivar@movingrepublic.org, 9446545336

**സോഫ്റ്റ്‌വെയർ ലഭിക്കാൻ** : തപാൽ ചാർജ്ജടക്കം 100 രൂപ എം.ഒ./ഡി.ഡി. അയയ്ക്കുക.

**കേരളീയം**

**കൊക്കാലെ, തൃശൂർ 21.**

**ഫോൺ : 9388872845, 9447674375**

E-mail : robinkeraleeyam@gmail.com